**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1704** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ സംരംഭകത്വ ആശയങ്ങൾ വികസിപ്പിച്ചു സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **Earn While You Learn.**<br><br>പഠനത്തോടൊപ്പം തൊഴിൽ അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന വിധത്തിൽ സാങ്കേതികവിദ്യാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടുത്തി നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായുള്ള ഫൗണ്ടേഷൻ കോഴ്സുകളിൽ 3 സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ വിദ്യാർത്ഥികൾ നിർബന്ധമായും പഠിച്ചിരിക്കണം.<br><br>എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിക്കും.<br><br>ASAP Kerala/ Keltron/ IHRD/ ICT Academy of Kerala/ CCED എന്നീ സ്ഥാപനങ്ങളെ സ്കിൽ കോഴ്സുകൾ നൽകുന്നതിനുള്ള അംഗീകൃത ഏജൻസികളാക്കി കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസാപ് കേരള, കോളേജുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി **Dream vestor** എന്ന സംരംഭകത്വ വികസന പരിപാടി ആരംഭിച്ചിട്ടുണ്ട് .<br><br>എഞ്ചിനീയറിംഗ്, ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് Entrepreneurship & Startups എന്നത് ഒരു |

പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയവ പോളിടെക്നിക്ക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ **ഇന്റസ്ട്രി ഓൺ ക്യാമ്പസ്** പദ്ധതി നടപ്പിലാക്കി വരുന്നു.

വിവിധ കോളജുകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർത്ഥികൾ നയിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻകുബേഷൻ സെന്ററുകൾ, സംരംഭകത്വ വികസന സെല്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

6 പോളിടെക്നിക്ക് കോളേജുകളിൽ ASAP- ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ K-DISC (Kerala Development & Strategic Council), YIP (Young Innovators Programme) എന്നിവയുമായി സഹകരിച്ച് വിദ്യാർത്ഥികളിലെ നൂതന ആശയങ്ങളും സംരംഭകത്വവും വികസിപ്പിക്കുന്നതിനായി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഒരു Solution Focused Virtual Incubator പ്രവർത്തിക്കുന്നുണ്ട്.

കണ്ണൂർ സർവകലാശാലയിൽ TECHNOLOGY BASED INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ കീഴിൽ വിവിധ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട് .

എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ Startup Cell & IPR Cell എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇവ കൂടാതെ വ്യവസായ വകുപ്പിന്റെ 29.02.2024 സർക്കാർ ഉത്തരവ് (കൈ) നമ്പർ: 16/2024/ID തീയതി പ്രകാരം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്യാംപസുകളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തു ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനായി ക്യാമ്പസ് ഇൻഡസ്ട്രിയൽ സ്കീം 2024, അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പങ്കാളിയാകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഒരേ സമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ദ്ധ്യവും നേടാൻ സാധിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഒരേ സമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ദ്ധ്യവും നേടാൻ സാധിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകൾ നാലു വർഷ ബിരുദ പ്രോഗ്രാമുകളിൽ ഈ അധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.<br><br>ഉന്നതപഠനവും തൊഴിൽ വൈദഗ്ധ്യവും സാധ്യമാക്കുന്ന ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ പ്രോഗ്രാം, ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാം, കൊമേർഷ്യൽ ടിഷ്യൂ കൾചർ ഓഫ് അഗ്രി ഹോർട്ടി കൾചറൽ ക്രോപ്സ് പ്രോഗ്രാം എന്നീ പ്രോജക്ട് മോഡ് കോഴ്സുകൾ കോഴിക്കോട് സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.<br><br>കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള 8 സർക്കാർ കോളേജുകളിൽ 9 പുതുതലമുറ പ്രോഗ്രാമുകളും, 7 എയ്ഡഡ് കോളേജുകളിൽ 7 പുതുതലമുറ പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്.<br><br>എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ കോഴ്സുകളുടെ പുതിയ കരിക്കുലം വിദ്യാർത്ഥികളുടെ നൂതനാശയങ്ങളുടെ വികസിപ്പിച്ച സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ ഊന്നിയാണ് വികസിപ്പിച്ചിട്ടുള്ളത്. ഇത് കൂടാതെ Translational Research Centre സ്ഥാപിച്ചിട്ടുണ്ട് .<br><br>പഠിതാക്കൾക്കിടയിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർത്തുന്നതിന് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ബി.എ. നാനോ എന്റർപ്രെണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട് .<br><br>പൂജപ്പുര വനിതാ എൻജിനീയറിങ് കോളേജിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്പ്യൂട്ടർ എൻജിനീയറിങ് |

| | | | |
|---|---|---|---|
| | | | എന്ന നൂതന കോഴ്സും കാസർഗോഡ് എൻജിനീയറിങ് കോളേജിൽ ഈ വർഷം കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് ഒരു അധിക ബാച്ചും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ